# അല്പം സ്വകാര്യം

'**കേരളീയ**'ത്തിന്റെ രണ്ടാമത്തെ ട്രയൽ ലക്കമാണിത്. 'ഇതാ, പുതിയൊരു പ്രസിദ്ധീകരണം' എന്നു പരിചയപ്പെടുത്തി കൈയിൽ കൊടുക്കുമ്പോൾ; 'ഓ, മലയാളത്തിൽ ഇനിയുമൊരു പ്രസിദ്ധീകരണമെന്തിന്?' എന്ന ചോദ്യം മുഖത്ത് വരുത്തിക്കൊണ്ടാണ് ഭൂരിപക്ഷം പേരും 'കേരളീയ'ത്തിന്റെ ആദ്യ ട്രയൽ ലക്കം കൈപ്പറ്റിയത്. പക്ഷേ, ഒന്നോ രണ്ടോ ദിവസം കഴിഞ്ഞ് വീണ്ടും കണ്ടുമുട്ടിയപ്പോൾ അവരുടെയെല്ലാം അഭിപ്രായം സമാനമായിരുന്നു– ഇത്തരത്തിലൊരു പ്രസിദ്ധീകരണം മലയാളത്തിൽ ഒരധികപ്പറ്റാവില്ല എന്ന്. ആത്മാർത്ഥതയോടെ ഇതിൽ ഉറച്ചു നില്ക്കുകയാണെങ്കിൽ ശ്രദ്ധേയമാകാൻ സാധ്യതയുള്ള ഒന്നാണ് ഇതെന്ന്.

കഴിഞ്ഞ ലക്കത്തെക്കുറിച്ചുള്ള വിമർശനങ്ങളധികവും പത്രത്തിന്റെ ലേ ഔട്ടിനെ കുറിച്ചായിരുന്നു. ഒട്ടനവധി മാറ്റർ കുത്തിനിറച്ചിരിക്കുന്നു; ചിത്രങ്ങളും ചിത്രീകരണവും കുറവ്, പ്രത്യേക വിഭാഗങ്ങളായി തിരിച്ച് അവതരിപ്പിക്കേണ്ടവ കൂട്ടിക്കലർത്തിയിരിക്കുന്നു.... എന്നിങ്ങനെ. ഈ കുറവുകളെല്ലാം ഞങ്ങൾ അംഗീകരിക്കുന്നു. അവയെല്ലാം ഈ ലക്കം മുതൽ ഒഴിവാക്കാൻ ശ്രമിക്കുന്നുണ്ട്.

'കേരളപ്പഴമ' എന്ന പംക്തിയെക്കുറിച്ചാണ് ഏറ്റവുമധികം വിമർശനം ഉണ്ടായത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമൊക്കെ ഒരുവിധ അഭിപ്രായപ്രകടനവും കൂടാതെ വെറുതെയങ്ങ് എഴുതിവയ്ക്കുന്നത് എന്തിന് എന്ന് പലരും ചോദിച്ചു. അത്തരമൊരു വിമർശനത്തിൽ കാമ്പുള്ളതിനാൽ തൽക്കാലം 'കേരളപ്പഴമ' എന്ന പംക്തി പിൻവലിക്കുകയാണ്. വ്യത്യസ്തമായ രീതിയിൽ അത് സംവിധാനം ചെയ്ത് വീണ്ടും അവതരിപ്പിക്കുന്നതാണ്.

ക്വിസ് പംക്തി വേണ്ടെന്ന് പലരും അഭിപ്രായപ്പെട്ടു. ക്വിസ് പംക്തിക്കു ലഭിച്ച മറുപടികളുടെ എണ്ണവും തീരെ കുറവായിരുന്നു. അതുകൊണ്ട് ക്വിസ് തുടരേണ്ടതുണ്ടോ എന്ന കാര്യം ആലോചിക്കുന്നുണ്ട്. എന്തായാലും തൽക്കാലം അതു നിർത്തുന്നില്ല.

വ്യത്യസ്ത തൊഴിൽ മേഖലകളെ സംബന്ധിച്ച വാർത്തകൾ ഉൾപ്പെടുത്തി ഒരു സ്ഥിരം പംക്തി വേണമെന്ന നിർദ്ദേശം ഈ ലക്കം മുതൽ തന്നെ പ്രയോഗത്തിലാക്കുകയാണ്.

ഛായാഗ്രാഹകർക്കായി 'നോട്ടം' എന്ന പംക്തിയുള്ളതുപോലെ ചിത്രകാരന്മാർക്ക് സ്കെച്ചുകൾ വരക്കാനായും ഒരു പംക്തി വേണമെന്ന നിർദേശവും അംഗീകരിച്ചിട്ടുണ്ട്. ജനുവരി ലക്കം മുതൽ സ്കെച്ചുകൾ കൊടുക്കുന്നതാണ്.

ആദ്യമാസം, പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ സ്ഥിര വരിക്കാരെ ചേർക്കാൻ കഴിഞ്ഞു. ഈ പ്രസിദ്ധീകരണത്തിന്റെ മഹത്വം കൊണ്ടാണ് അതു സംഭവിച്ചതെന്ന് ഞങ്ങൾ കരുതുന്നില്ല. മറിച്ച്, സുഹൃത്തുക്കളുടെ സഹകരണത്തിലൂടെയാണത് സാധിച്ചത്.

ഇനിയും സഹകരണവും വിമർശനവും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു. ജനുവരി ഒന്നാം ലക്കം മുതൽ 'കേരളീയം' ദ്വൈവാരികയാവുകയാണ്. എല്ലാ ഇംഗ്ലീഷ് മാസവും ഒന്നാം തിയ്യതിയും പതിനാറാം തിയ്യതിയും 'കേരളീയം' പുറത്തിറങ്ങും. ഒരു പ്രസിദ്ധീകരണം വിജയമാകണമെങ്കിൽ അതിന് വേണ്ടത് സ്ഥിരതയും കൃത്യതയുമാണെന്ന് ഈ രംഗത്ത് മുൻപരിചയമുള്ള സുഹൃത്തുക്കളെല്ലാം പറയുന്നു. അതുകൊണ്ട് അക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്താൻ ഞങ്ങൾ ഉറച്ചിട്ടുണ്ട്.